പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3982 — 12.12.2018 ൽ മറുപടിക്ക്

## കീമോതെറാപ്പി ചെയ്യുന്നതിനുള്ള സൗകര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിലാണ് കീമോതെറാപ്പി ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ പുതിയ ക്യാൻസർ നയപ്രകാരം സർക്കാർ മേഖലയിലുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള കേന്ദ്രങ്ങളെ ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം ജില്ലയിലുള്ള പ്രധാന ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്ന കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഇരുപത് ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരോഗ്യ വകുപ്പിനു കീഴിൽ പ്രവർത്തിച്ച് വരുന്നു. ചികിത്സാ കേന്ദ്രങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br>1. ജില്ലാ ആശുപത്രി, നെടുമങ്ങാട് തിരുവനന്തപുരം ജില്ല.<br>2. ജില്ലാ ആശുപത്രി, കൊല്ലം ജില്ല.<br>3. താലൂക്ക് ആശുപത്രി. പുനലൂർ, കൊല്ലം ജില്ല.<br>4. ജനറൽ ആശുപത്രി, പത്തനംതിട്ട.<br>5. ജില്ലാ ആശുപത്രി, മാവേലിക്കര. ആലപ്പുഴ ജില്ല<br>6. ജനറൽ ആശുപത്രി. ആലപ്പുഴ.<br>7. ജനറൽ ആശുപത്രി. കോട്ടയം.<br>8. ജില്ലാ ആശുപത്രി.തൊടുപുഴ ഇടുക്കി ജില്ല.<br>9. ജനറൽ ആശുപത്രി. എറണാകുളം<br>10. താലൂക്ക് ആസ്ഥാന ആശുപത്രി. നോർത്ത് പറവൂർ, എറണാകുളം ജില്ല.<br>11. ജനറൽ ആശുപത്രി. തൃശ്ശൂർ<br>12. ജില്ലാ ആശുപത്രി, വടക്കാഞ്ചേരി, തൃശ്ശൂർ ജില്ല.<br>13. ജില്ലാ ആശുപത്രി. പാലക്കാട്.<br>14. താലൂക്കാശുപത്രി, ഒറ്റപ്പാലം. പാലക്കാട് ജില്ല. |

| | | | |
|---|---|---|---|
| | | | 15. ജില്ലാ ആശുപത്രി, മഞ്ചേരി, മലപ്പുറം ജില്ല.<br>16. ജില്ലാ ആശുപത്രി പെരിന്തൽമണ്ണ, മലപ്പുറം ജില്ല<br>17. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, നല്ലൂർനാട് വയനാട് ജില്ല.<br>18. ജില്ലാ ആശുപത്രി, കണ്ണൂർ<br>19. ജില്ലാ ആശുപത്രി, തലശ്ശേരി, കണ്ണൂർ ജില്ല.<br>20. ജനറൽ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല. |
| (ബി) | ഇതിനായി പ്രസ്തുത ആശുപത്രികളിൽ ക്യാൻസർ രോഗ ചികിത്സ നടത്തുന്നതിനുവേണ്ടി വിദഗ്ധ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി)<br>&<br>(സി) | സംസ്ഥാനത്ത് ഒങ്കോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് ആർ.സി.സി.കളിൽ വിദഗ്ധ പരിശീലനം നൽകിയാണ് കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സ സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്നത്. ഇതിനുപുറമേ ക്യാൻസർ വിദഗ്ധരുടെ തസ്തികകൾ ജില്ലാ കേന്ദ്രങ്ങളിൽ സൃഷ്ടിക്കുകയും ക്യാൻസർ സ്പെഷ്യാലിസ്റ്റുകളെ ആശുപത്രികളിൽ നിയമിക്കുകയും ചെയ്യുന്നു. |
| (സി) | കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ വർദ്ധിച്ച നിരക്കിൽ ക്യാൻസർ ബാധിതരുള്ള സാഹചര്യത്തിൽ ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി ഇവിടുത്തെ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ